പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2536

21.06.2012-ലെ
മറുപടിക്ക്.

**വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ക്ലസ്റ്റർ പദ്ധതി.**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ.രാജു<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ക്ലസ്റ്റർ പദ്ധതിയ്ക്ക് രൂപം നൽകി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതി എപ്പോൾ മുതൽ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഈ ക്ലസ്റ്റർ പദ്ധതികൊണ്ടുദ്ദേശിക്കുന്നത് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും<br><br>വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം സ്കൂളുകളിൽ ഘടനാമാറ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി സ്കൂൾതല ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ഒന്നു മുതൽ നാലുവരെയുള്ള എൽ.പി.. സ്കൂളുകളിലും 5 മുതൽ 7 വരെയുള്ള യു.പി. സ്കൂളുകളിലും പുതിയതായി ക്ലാസ്മുറികൾ നിർമ്മിക്കാതെയും അദ്ധ്യാപകരുടെ പുനർവിന്യാസം ഒഴിവാക്കികൊണ്ടുമുള്ള പ്രായോഗിക തലത്തിലുള്ള ഒരു ഘടനാമാറ്റത്തിനായി അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിക്കുന്നു. സ്കൂൾമാപ്പിംഗിലൂടെ അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതാണ്. |

അഞ്ചാംക്ലാസ്സുള്ള ഒരു മാതൃസ്കൂളും ചുറ്റുമുള്ള ഫീഡർ എൽ.പി. സ്കൂളുകളും ഉൾപ്പെടേണ്ടതാണ് ഒരു അയൽപക്കക്ലസ്റ്റർ. ഈ മാതൃസ്കൂളിന് ഫീഡർ സ്കൂളിൽ നിന്നും ഒരു കിലോമീറ്റർ കൂടുതൽ ദൂരം അഭിലഷണീയമല്ല. അതുപോലെതന്നെ എട്ടാം ക്ലാസ് ഉൾപ്പെട്ട മാതൃസ്കൂളും ചുറ്റുമുള്ള ഫീഡർ യു.പി. സ്കൂളുമുൾപ്പെട്ട അടുത്ത തലത്തിലുള്ള അയൽപക്ക ക്ലസ്റ്റർ. ഈ മാതൃ സ്കൂളിന് ഫീഡർ സ്കൂളിൽ നിന്നും മൂന്ന് കിലോമീറ്ററിൽ കൂടുതൽ ദൂരം അഭിലഷണീയമല്ല. ഓരോ അയൽപക്ക ക്ലസ്റ്ററിലുമുള്ള കുട്ടികൾ ഏറ്റവും കൂടുതലുള്ള സ്കൂളുകളെ മാതൃസ്കൂളായി മാറ്റുന്നു. മാതൃസ്കൂളുകളിലെ 5-ാം ക്ലാസ്സിനേയും 8-ാം ക്ലാസ്സിനേയും ഫീഡർ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നതിന് പകരം ആ ക്ലാസ്സുകളെ മാതൃ സ്കൂളുകളിൽ തന്നെ നിലനിർത്തി എല്ലാ ഫീഡർ സ്കൂളിലേയും കുട്ടികളെ മാതൃസ്കൂളുകളിലേയ്ക്ക് മാറ്റുന്നു. മാതൃസ്കൂളുകളിലെ അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും തുടരുന്ന കുട്ടികളെ ഫീഡർ സ്കൂളുകളുടെ ഭാഗമാണെന്നുതന്നെ കണക്കാക്കി അവരുടെ നിയമപരമായ എല്ലാ രേഖകളും ഫീഡർ സ്കൂളുകളിൽ നിലനിർത്തുന്നു. നിശ്ചിത മാതൃസ്കൂളുകളിൽ കുട്ടികളെ ചേർക്കാതെ മറ്റു സകൂളുകളിൽ കുട്ടികളെ ചേർക്കാൻ ഉദ്ദേശിക്കുന്ന രക്ഷിതാക്കൾക്ക് അവർ നിർദ്ദേശിക്കുന്ന സ്കൂളുകളിലേക്ക് കുട്ടികളുടെ ടി.സി. നൽകുന്നു. നിർദ്ദിഷ്ട മാതൃസ്കൂളുകൾക്ക് എന്തെങ്കിലും അപര്യാപ്തതയോ, അസൗകര്യങ്ങളോ ഉണ്ടെങ്കിൽ ഒരു

വർഷത്തിനുള്ളിൽ അവ പരിഹരിച്ച് മാതൃകാസ്കൂളാക്കി മാറ്റുന്നു. ഇതിലൂടെ ഫീഡർ സ്കൂളുകളിലെ ബഹുഭൂരിപക്ഷം കുട്ടികളേയും മാതൃസ്കൂളുകളിൽതന്നെ നിലനിർത്താൻ കഴിയുന്നതാണ്.

(സി) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളിൽ അധാർമ്മികത തടയുന്നതിനും എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് എസ്.എസ്.എൽ.സി. പരീക്ഷയിൽ 65%ൽ താഴെ വിജയം നേടിയ സ്കൂളുകൾക്ക് ക്യൂ.ഇ.പി.ആർ. പദ്ധതിയിൽപ്പെടുത്തി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്കൂളുകളിൽ അധാർമ്മികത തടയുന്നതിന് പ്രൈമറി ഹൈസ്കൂൾ തലങ്ങളിൽ അദ്ധ്യാപക സംഘടന പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ